(ഡി) തുക നിശ്ചയിക്കുന്നതിന് എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഫ്ളാറ്റ് കൈമാറ്റങ്ങളിലുള്ള സ്തംഭനാവസ്ഥ പരിഹരിക്കാൻ, അവയുടെ വിലനിർണ്ണയക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകുമോ ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31-1-2011 തീയതിവരെ ₹ 67,43,59,116 ലഭിച്ചിട്ടുണ്ട്.

(ബി) ടി പദ്ധതിയുടെ ആനുകൂല്യം 31-3-2011-വരെയാണ്.

(സി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ മൂന്ന് മേഖലയാക്കി തിരിച്ച്, കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ പരിധി അടിസ്ഥാനമാക്കിയാണ് ടി പദ്ധതി പ്രകാരം ഈടാക്കേണ്ട മുദ്ര വില തീരുമാനിക്കുന്നത്. ടി പദ്ധതി പ്രകാരം ഈടാക്കുന്ന മുദ്ര വിലയ്ക്ക് പുറമേ കൂടുതലായി രജിസ്ട്രേഷൻ ഫീസോ മറ്റ് പിഴകളോ ഒടുക്കേണ്ടതില്ല. പഞ്ചായത്ത് പ്രദേശങ്ങളിൽ കൈമാറ്റ ഭൂപരിധി 5 സെന്റിൽ താഴെയാണെങ്കിൽ ടി കേസ്സുകളെ ഈ പദ്ധതി പ്രകാരം തുക അടയ്ക്കുന്നതിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ടി പദ്ധതിപ്രകാരം ഈടാക്കേണ്ട മുദ്രവില കണക്കാക്കുന്നതിനുള്ള പട്ടിക അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ഇ) ഈ വിഷയം പരിശോധിച്ചുവരുന്നതേയുള്ളൂ.

രജിസ്ട്രേഷൻ വകുപ്പിൽ വയനാട് ജില്ലയിൽ നിന്നുള്ള വരുമാനം

217 (1687) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് രജിസ്ട്രേഷൻ വകുപ്പിൽ വിവിധ ഫീസ് ഇനങ്ങളിൽ വയനാട് ജില്ലയിൽനിന്ന് എത്ര വരുമാനമുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന 2006-07 സാമ്പത്തിക വർഷം മുതൽ 2011 ജനുവരി മാസം വരെ വയനാട് ജില്ലയിൽ, രജിസ്ട്രേഷൻ വകുപ്പിൽ ഫീസിനത്തിൽ ആകെ 25.51 കോടി രൂപ വരുമാനം ഉണ്ടായിട്ടുണ്ട്.

തളിപ്പറമ്പ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം പുതുക്കിപ്പണിയുന്നതിന് നടപടി

218 (1688) ശ്രീ. സി. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് സബ് രജിസ്ട്രാർ ഓഫീസ് ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly